| 13-12-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - നിങ്ങളുടേത് ആത്മീയ യോഗമാണ് സദാ പവിത്രമാകുന്നതിന് വേണ്ടി, എന്തുകൊണ്ടെന്നാൽ നിങ്ങൾ പവിത്രതയുടെ സാഗരനുമായി യോഗം വെയ്ക്കുന്നു, പവിത്ര ലോകം സ്ഥാപിക്കുന്നു.**

**ചോദ്യം:-** നിശ്ചയ ബുദ്ധി കുട്ടികൾക്ക് ആദ്യമാദ്യം ഏതിൽ പക്കാ നിശ്ചയം വേണം?
**ഉത്തരം:-** നമ്മൾ ഒരു അച്ഛന്റെ മക്കളാണ്, അച്ഛനിൽ നിന്ന് നമുക്ക് ദൈവീക സ്വരാജ്യം ലഭിക്കുന്നു, ഇതിൽ ആദ്യമാദ്യം പക്കാ നിശ്ചയം വേണം. നിശ്ചയം വന്നുവെങ്കിൽ വളരെ പെട്ടെന്ന് ബുദ്ധിയിൽ വരും അതായത് നമ്മൾ ഭക്തി ചെയ്തിരുന്നത് ഇപ്പോൾ പൂർത്തിയായി, ഇപ്പോൾ സ്വയം ഭഗവാനെ നമുക്ക് ലഭിച്ചിരിക്കുന്നു. നിശ്ചയബുദ്ധി കുട്ടികൾ തന്നെയാണ് അവകാശികളാകുന്നത്.

**ഗീതം:-** ഓ ദൂരദേശത്തെ വഴിയാത്രക്കാരാ.....

**ഓം ശാന്തി.** ബാബ കുട്ടികൾക്ക് മനസിലാക്കിതരുന്നു എല്ലാവരും ദൂരദേശത്തേയ്ക്കുള്ള യാത്രക്കാരാണ്. എല്ലാ ആത്മാക്കളും ഏറ്റവും ദൂരെ പരംധാമിൽ വസിക്കുന്നവരാണ്. ഇതും ശാസ്ത്രങ്ങളിൽ കാണിക്കുന്നുണ്ട്. സൂര്യ- ചന്ദ്രന്മാരുടെ പ്രകാശമില്ലാത്തത്ര ദൂരെ ആത്മാവ് വസിക്കുന്നു. മൂലവതനത്തിലും, സൂക്ഷ്മവതനത്തിലും യാതൊരു ഡ്രാമയും ഇല്ല. ഡ്രാമ ഈ സ്ഥൂല വതനത്തിലാണ്, ഇതിനെ തന്നെയാണ് മനുഷ്യസൃഷ്ടിയെന്ന് പറയുന്നത്. മൂലവതനത്തിലും, സൂക്ഷമവതനത്തിലും 84 ജന്മത്തിന്റെ യാതൊരു ചക്രവും ഇല്ല. മനുഷ്യസൃഷ്ടിയിലാണ് ചക്രം കാണിക്കുന്നത്. മനുഷ്യസൃഷ്ടി എന്ത് വസ്തുവാണ്, മനുഷ്യൻ ആരാൽ സൃഷ്ടിക്കപ്പെട്ടവനാണ്? മനുഷ്യനിൽ ആത്മാവ്, ശരീരം ഇവ ഉണ്ട്. 5 തത്വങ്ങളുടെ കോലം ഉണ്ടാക്കിയിരിക്കുന്നു, അതിൽ ആത്മാവ് പ്രവേശിച്ച് പാർട്ട് അഭിനയിക്കുന്നു. അപ്പോൾ എല്ലാവരും ദൂരെ വസിക്കുന്നവരാകുന്നു. എന്നാൽ നിങ്ങൾക്ക് നിശ്ചയം ഉണ്ട്. മനുഷ്യരിൽ നിശ്ചയം ഇല്ല. ബാബ മനസിലാക്കിതരുന്നു അതായത് ബാബയെ ദൂര ദേശത്ത് വസിക്കുന്നവനെന്ന് പറയുന്നു പക്ഷേ നിങ്ങൾ എല്ലാ ആത്മാക്കളുടേയും നിവാസസ്ഥാനം ഒന്നാണ്. ഈ നാടകത്തിലും ആര് ഏത് പാർട്ട് അഭിനയിക്കുന്നുവോ അവർക്ക് ഓരോരുത്തർക്കും തന്റെ തന്നെ വീട് ഉണ്ടല്ലോ. അവിടുന്ന് വന്ന് പാർട്ട് അഭിനയിക്കുന്നു. ഇവിടെ നിങ്ങൾ കുട്ടികൾ മനസിലാക്കുന്നുണ്ട് നമ്മൾ എല്ലാവരും ഒരു ബാബയുടെ കുട്ടികളാണ്, ഒരേയൊരു വീട് പരംധാമിൽ വസിക്കുന്നവരാണ്. അത് ബ്രഹ്മ മഹതത്വം, ഇത് ആകാശ തത്വം. ഇവിടെ പാർട്ട് അഭിനയിക്കുന്നു, രാത്രിയും പകലും വരുന്നു അതിനാൽ സൂര്യ - ചന്ദ്രനും ഉണ്ട്. മൂലവതനത്തിൽ പകലും - രാത്രിയുമില്ല. ഈ സൂര്യ - ചന്ദ്രൻ ദേവതയുമല്ല. അവ ഈ സ്റ്റേജിന് പ്രകാശം പരത്തുന്ന വിളക്കുകളാണ്. പകൽ സൂര്യൻ പ്രകാശം നൽകുന്നു, രാത്രി ചന്ദ്രന്റെ പ്രകാശം ലഭിക്കുന്നു. ഇപ്പോൾ എല്ലാ മനുഷ്യരും മുക്തിധാമിലേക്ക് പോകുവാൻ ആഗ്രഹിക്കുന്നു. മനസിലാക്കുന്നു - ഭഗവാൻ മുകളിൽ വസിക്കുന്നു. ഭഗവാനെ ഓർമ്മിക്കുന്നു - അല്ലയോ പരംപിതാ പരമാത്മാവേ! അപ്പോൾ ബുദ്ധി മുകളിലേയ്ക്ക് പോകുന്നു. ആത്മാവെന്ന് മനസിലാക്കുന്നു പക്ഷേ അജ്ഞാനത്തിന്റെ നിഴൽ വീണിരിക്കുന്നു. ഇതും അറിയുന്നുണ്ട് നമ്മൾ ഇവിടെ വസിക്കുന്നവരല്ല. നമ്മുടെ അച്ഛൻ അതാണ്. മുഖത്തിലൂടെ അല്ലയോ ഭഗവാനെന്ന് പറയുന്നുമുണ്ട്. പക്ഷേ പിന്നീട് പറയുന്നു എല്ലാം അച്ഛനാണ്, ഈശ്വരൻ സർവ്വവ്യാപിയാണ്. കുട്ടികൾക്ക് മനസിലാക്കി തരുകയാണ് എല്ലാവരും അച്ഛനല്ല. എല്ലാ ആത്മാക്കളും പരസ്പരം സഹോദരങ്ങളാണ്. ഇത് അറിയാത്തതു കാരണം വഴക്ക് - ലഹള ഉണ്ടാക്കുന്നു. നിങ്ങൾ ആത്മാക്കളും സഹോദരങ്ങളാണ്, ഒരു ബാബയുടെ കുട്ടികളാണ്. നിശ്ചയ ബുദ്ധിയിലും നമ്പർ വാറാണ്. ലൗകിക സംബന്ധത്തിലും നിശ്ചയം ഉണ്ട് അതായത് അച്ഛനിൽ നിന്നും സമ്പത്ത് നേടണം. ഇവിടെ ബാബയിൽ നിന്ന് മായ ഇടയ്ക്ക് - ഇടയ്ക്ക് മുഖം തിരിപ്പിക്കുന്നു. സർവ്വശക്തിവാൻ ബാബയുടേതാകുമ്പോൾ മായയും സർവ്വശക്തിവാനായി യുദ്ധം ചെയ്യും. അഞ്ച് വികാരങ്ങളുടെ മേൽ വിജയം നേടുന്നതിനുള്ള യുദ്ധമാണ്. യുദ്ധം വളരെ പ്രസിദ്ധമാണ്. ബാക്കി ശാസ്ത്രങ്ങളിൽ ഏതൊരു പാണ്ഡവ - കൗരവ യുദ്ധമാണോ കാണിക്കുന്നത് അതൊന്നും തന്നെയില്ല. ഇത് രാവണനോടുള്ള വളരെ വലിയ യുദ്ധമാണ്. നമ്മൾ ആഗ്രഹിക്കുന്നു അതായത് ബാബയുടെ ഓർമ്മയിൽ ഇരുന്ന് നമ്മൾ സമ്പൂർണ്ണമാകും, ആത്മാവ് പവിത്രമാകും. യോഗമല്ലാതെ വേറെ യാതൊരു വഴിയുമില്ല. ആരെല്ലാം യോഗം പഠിക്കുന്നുവോ അവരാരും പവിത്രതയ്ക്ക് വേണ്ടിയല്ല. അതെല്ലാം സ്ഥൂല യോഗം, അല്പകാലത്തേയ്ക്ക് വേണ്ടിയും, ഇത് ആത്മീയ യോഗം സദാ പവിത്രമാകുന്നതിനുമാണ്. പവിത്രതയുടെ സാഗരനോട് യോഗം വച്ച് നമ്മൾ പവിത്രമാകുന്നു. ബാബ പറയുന്നു ഈ യോഗാഗ്നിയിലൂടെ നിങ്ങളുടെ ജന്മ - ജന്മാന്തരത്തെ പാപം ഭസ്മമാകുന്നു. ബുദ്ധിയും പറയുന്നു ഇത് പതീത ലോകമാണ്. ആരോട് വേണമെങ്കിലും ചോദിക്കൂ - ഇത് സത്യയുഗമാണോ അതോ

കലിയുഗമാണോ? ഇതിനെ സത്യയുഗമെന്ന് ഒരിക്കലും പറയില്ല. സത്യയുഗം പുതിയ ലോകമായിരുന്നു. അതിനെ ഗോൾഡൻ ഏജ് ഇതിനെ അയൺ ഏജെന്നു പറയുന്നു. പഴയ ലോകം കലിയുഗം, പുതിയ ലോകം സത്യയുഗം. ഇങ്ങനെ ഒരിക്കലും പറയുവാനേ കഴിയില്ല അതായത് ഇപ്പോൾ സത്യയുഗവുമാണ്, കലിയുഗവുമാണ്. അല്ല. നരകവാസി അർത്ഥം നരകവാസി. പഴയ ലോകം പതീതം, പുതിയ ലോകം പാവനം. മനുഷ്യർക്ക് മനസിലാക്കിതരുകയാണ്, മൃഗങ്ങൾ ഒരിക്കലും പതീത – പാവനാ വരൂ എന്ന് പാടുന്നില്ല. ആരോട് ചോദിച്ചാലും പറയും ഇത് നരകമാണ്. ഭാരതം തന്നെയാണ് പുതിയ ലോകം സ്വർഗ്ഗമായിരുന്നത്, അതേ ഭാരതം തന്നെ പഴയ ലോകം നരകമായി. ഭാരതത്തിനു തന്നെ ഊന്നൽ കൊടുക്കൂ. മററുള്ളവരെല്ലാം ഇടയ്ക്ക് വന്നവരാണ്. അവരുമായി നമ്മൾക്ക് യാതൊരു ബന്ധവുമില്ല. നമ്മുടെ ധർമ്മം വേറെയാണ്, അത് ഇപ്പോൾ ഇല്ലാതായിരിക്കുന്നു.

ഇപ്പോൾ നിങ്ങൾ നിശ്ചയ ബുദ്ധിയുള്ളവരാകുന്നു. അറിയുന്നു നമ്മൾ ഒരു ബാബയുടെ കുട്ടികളാകുന്നു. ബാബയിൽ നിന്നും നമ്മൾക്ക് സ്വരാജ്യം ലഭിക്കുന്നു. ആദ്യം ഇതിൽ പക്കാ നിശ്ചയം വേണം. ജ്ഞാനം കേൾക്കുന്നു അത് ശരി തന്നെ പക്ഷേ പ്രജയാകുന്നു. ബാക്കി നമ്മൾ പരിധിയില്ലാത്ത ബാബയുടെ കുട്ടികളാണ് –ഇതിൽ നിശ്ചയം ഉണ്ടായിരിക്കണം. ഇപ്പോൾ ഭക്തി പൂർത്തിയായി. ഇപ്പോൾ ഭഗവാൻ സ്വയം വന്ന് മിലനം നടത്തുന്നു. ആ ബാബയിൽ നിന്ന് സൂര്യവംശി രാജപദവി ലഭിക്കുന്നു. നമ്മൾ ഇത്രയും ഉയർന്ന പദവി നേടുന്നു. ഏതുപോലെ സമ്പന്നർ കുട്ടികളെ ദത്തെടുക്കാറില്ലേ. അവർ ഒരു കുട്ടിയെ ദത്തെടുക്കുന്നു. ഇവിടെ പരിധിയില്ലാത്ത ബാബയ്ക്ക് അനേകം കുട്ടികളെ വേണം. പറയുന്നു ആരാണോ ബാബയുടെ കുട്ടികളാകുന്നത് അവർക്ക് സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കും. ആരാണോ ബാബയുടേതാകാത്തത് അവർക്ക് സമ്പത്ത് എടുക്കുവാൻ കഴിയില്ല. ശ്രീമതം അനുസരിച്ച് നടക്കുന്നില്ല. ആർക്കാണോ നിശ്ചയമുള്ളത് അവർ പറയുന്നു ബാബാ താങ്കൾ വീണ്ടും വന്നിരിക്കുന്നു, ശരി നമ്മൾ താങ്കളുടെ കൈ ഉപേക്ഷിക്കില്ല. ബാബ കുട്ടികൾക്ക് മനസിലാക്കി തരുന്നു, കുട്ടികൾ പിന്നീട് മററുള്ളവർക്ക് മനസിലാക്കി കൊടുക്കുന്നു അതായത് നമ്മൾ പാരലൗകിക ബാബയുടെ കുട്ടികളാണ്. ബാബയുടെ ശ്രീമതിലൂടെ നമ്മൾ നടക്കുന്നു,നമ്മളെ പരംപിതാ പരമാത്മാവ് പഠിപ്പിക്കുന്നു. ഇത്രയും എല്ലാവരും ബി കെ ആയിരിക്കുന്നു, അപ്പോൾ തീർച്ചയായും നിശ്ചയമുണ്ട്, പിന്നെ എന്തുകൊണ്ട് നമ്മൾക്കും ആയിക്കൂടാ? എഴുതി അയച്ചു തരൂ അതായത് ഞങ്ങളും ബാബയുടേതായിരിക്കുന്നു. ബാബയും പറയുന്നു ഞാനും ദൂരെയൊന്നുമല്ല ഇവിടെയാണ്. ഇവിടെ പ്രാക്ടിക്കലിൽ ഇരിക്കുകയാണ്, ഹാജരാണ്. ഏതുപോലെ പ്രസിഡന്റിനെ കുറിച്ച് പറയുന്നു ഈ സൃഷ്ടിയിൽ ഹാജരാണ്, അതിനർത്ഥം പ്രസിഡന്റ് സർവ്വവ്യാപിയെന്നല്ല. അതുപോലെ പരംപിതാ പരമാത്മാവ്, അവരെ സുഖ കർത്താ ദു:ഖ ഹർത്താ എന്ന് പറയുന്നു, അവരും സർവ്വവ്യാപിയല്ല. ബാബയുടെ സാന്നിദ്ധ്യത്തിൽ മനുഷ്യർ എങ്ങനെ ഇത്രയും ദു:ഖിതരാകും? ബാബയുടെ സ്വർഗ്ഗത്തിൽ ആരും ദു:ഖിതരല്ല.

ബാബ കുട്ടികൾക്ക് വേണ്ടി കൂട് തയ്യാറാക്കുന്നു. ഏതുപോലെ പക്ഷി അതിന്റെ കുഞ്ഞിന് വേണ്ടി കൂട് തയ്യാറാക്കുന്നു, അതുപോലെ ബാബയും നിങ്ങൾക്ക് വേണ്ടി നിങ്ങളിലൂടെ കൂട് തയ്യാറാക്കുന്നു. നിങ്ങൾക്ക് വസിക്കുന്നതിനു വേണ്ടി സ്വർഗ്ഗമാകുന്ന കൂട് തയ്യാറാക്കുന്നു. ബാബ പറയുന്നു കുട്ടികളേ നിങ്ങൾ ബാബയുടെ ശ്രീമതം അനുസരിച്ച് നടക്കുന്നുവെങ്കിൽ സ്വർഗ്ഗത്തിൽ രാജ്യം ഭരിക്കും. ഒരുപക്ഷേ നിശ്ചയമുണ്ടെങ്കിൽ പൂർണ്ണമായും കൈക്കലാക്കും. വീട് ഉപേക്ഷിച്ച് ഇവിടെ വന്നിരിക്കണം അങ്ങനെയുമില്ല. സന്യാസിമാർ വീട് ഉപേക്ഷിക്കുന്നു. ഗുരുവിനെ ഭഗവാനെന്ന് മനസിലാക്കുന്നു. അവർ ആരും തന്നെ ജീവിച്ചിരിക്കേ മരിക്കുന്നില്ല. നിങ്ങൾക്ക് ജീവിച്ചിരിക്കേ മരിച്ച് സത്യയുഗത്തിൽ ജീവിക്കണം. നിങ്ങൾ ബാബയിൽ നിന്ന് പരിധിയില്ലാത്ത സമ്പത്ത് എടുക്കുന്നു. എപ്പോഴാണോ നിശ്ചയമുള്ളത് അതായത് പരിധിയില്ലാത്ത ബാബ പഠിപ്പിക്കുന്നു, 21 ജന്മത്തേയ്ക്ക് സമ്പത്ത് നൽകുന്നു എങ്കിൽ ആ ബാബയുടെ ശ്രീമതം അനുസരിച്ച് നടക്കണം. കുട്ടിയാകുന്നു എങ്കിൽ ബാബ ഡയറക്ഷൻ നൽകും. ആദ്യ ഒരാഴ്ച്ച ഭട്ടിയിൽ ഇരിക്കൂ. നിങ്ങൾക്ക് ദിവസവും ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കും. എല്ലാവരും ഒരുപോലെ മനസിലാക്കില്ല, ഓരോരുത്തരും അവരുടെ പുരുഷാർത്ഥവും, ഭാഗ്യവും അനുസരിച്ച് നേടുന്നു. പരിശ്രമത്തിന്റേയും, ഭാഗ്യത്തിന്റേയും അടിസ്ഥാന ത്തിലാണ് നടക്കുന്നത്. അറിയുവാൻ കഴിയുമോ ഭാഗ്യത്തിൽ എന്താണുള്ളത്? എന്ത് പദവി നേടും? ബാബയുടേതായതിന് ശേഷവും ഗൃഹസ്ഥത്തിൽ ഇരിക്കണം. ഗൃഹസ്ഥം ഇല്ലായെങ്കിൽ അന്ധന്മാരുടെ ഊന്ന് വടിയാകൂ. സത്യനാരായണന്റെ കഥ കേൾപ്പിക്കുവാൻ തീർച്ചയായും പോകണം.

ഇപ്പോൾ നോക്കൂ, പ്രേമ മകൾ സേവനത്തിന് പോയിരിക്കുന്നു. ക്ഷണിച്ച ഒരുപാട് പേരുമായി കൂടികാഴ്ച്ച നടത്തി, പ്രഭാവിതമായി. പക്ഷേ ബാബ പറയുന്നു – നിശ്ചയ ബുദ്ധിയുള്ള ഒരാളും ഇല്ല, അതായത് ഇവരെ പരിധിയിലാത്ത ബാബ പഠിപ്പിക്കുന്നു, അതിലൂടെ 21 ജന്മത്തേയ്ക്ക് സമ്പത്ത് ലഭിക്കുന്നു. പ്രഭാവിതമായി പക്ഷേ ഒരാൾക്കുപോലും നിശ്ചയമില്ല അതായത് തീർച്ചയായും പരിധിയില്ലാത്ത ബാബ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു.

ശരി കേവലം പറയുന്നു വളരെ നല്ലത്. പുറത്ത് പോയി അതോടെ ഇല്ലാതായി. വളരെ കുറച്ച് പേർ പുരുഷാർത്ഥം ചെയ്യും. പരസ്പരം സത്സംഗം ചെയ്യുന്ന പക്ഷേ ആരാണോ ചെയ്യുന്നത് അവർ പോലും നിശ്ചയബുദ്ധിയല്ല. ഹാഫ് കാസ്റ്റ് എന്ന് പറയും. നിശ്ചയവും, സംശയവും. ഇപ്പോൾ പറയും ബാബ പഠിപ്പിക്കുന്നു, ഇപ്പോൾ പറയും ഇത് എങ്ങനെ സംഭവിക്കും. പവിത്രമാകുക വളരെ നല്ലതാണ്, പക്ഷേ പവിത്രമായി ഇരിക്കുക വളരെ പ്രയാസമാണ്. ആദ്യം നിശ്ചയം വേണം. ഗദ്ഗദത്തോടെ എഴുതുന്നു. ഏതുപോലെ ബന്ധനസ്ഥരായ ഗോപികമാർ എഴുതുന്നു, അതുപോലെ ഒരിക്കലും വിട്ടുപോകുന്നവർ എഴുതില്ല. ബാബയും മനസിലാക്കി തരുന്നു ഒരാളെപോലും നിശ്ചയബുദ്ധിയുള്ളവരാക്കിയില്ല. സാധാരണ പ്രജകളെ തയ്യാറാക്കി, അവകാശികളെ തയ്യാറാക്കിയില്ല. ഒരാളും നിശ്ചയബുദ്ധിയുള്ളവരായില്ല. നിശ്ചയബുദ്ധിയാണ് അവകാശിയാകുന്നത്. ചിലർ നിശ്ചയബുദ്ധിയുള്ളവരാണ്, പക്ഷേ ജ്ഞാനം എടുക്കുന്നില്ലായെങ്കിൽ അതേ രാജധാനിയ്ക്കുള്ളിൽ ദാസ – ദാസിയാകും. മുന്നോട്ട് പോകുമ്പോൾ കൃത്യമായ സാക്ഷാൽകാരം ഉണ്ടാകും. അറിയുവാൻ കഴിയും നമ്മൾ ദാസ – ദാസിപോലും ഏത് നമ്പറിലേതാകും? പിന്നീട് വളരെയധികം പശ്ചാത്തപിക്കും. അതായത് നമ്മൾ ശ്രീമതിലൂടെ നടന്നതേയില്ല അതിനാൽ ഈ അവസ്ഥ ഉണ്ടായി. പിന്നീടും ഓരോ അവസ്ഥയിലും പറയും ഡ്രാമ. ഡ്രാമയിൽ കല്പ – കല്പം ഇവരുടെ പാർട്ട് അതാണ്. സാക്ഷാൽകാരം ഉണ്ടാകും . അന്തിമത്തിൽ റിസൾട്ട് വരും. പിന്നീട് പറയും ഡ്രാമ. നമ്മുടെ ഭാഗ്യത്തിൽ ഇതായിരുന്നു, നിങ്ങളുടെ പഠിത്തത്തിന്റെ റിസൾട്ട് വരും. ഇത് വളരെ ഉയർന്ന സ്കൂളാണ്. പഠിപ്പിക്കുന്നത് ഒരേയൊരു ബാബ, ഒരേയൊരു പഠിത്തം, ഒരേയൊരു പരീക്ഷ. ടീച്ചറിനും അറിയുവാൻ കഴിയും ഈ സ്റ്റുഡന്റ് എങ്ങനെയാണ്, വളരെയധികം കുതിച്ച് മുന്നേറുന്നു. മുന്നോട്ട് പോകുമ്പോൾ വളരെ അറിയുവാൻ കഴിയും. ഇടയ്ക്ക് – ഇടയ്ക്ക് നിങ്ങൾ ധ്യാനത്തിൽ പോകും. ഏതുപോലെ ആരംഭത്തിലും പോയിരുന്നു. താങ്കളും മനസിലാക്കുന്നു, ബാബയും മനസിലാക്കിതന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ തെറ്റ് ചെയ്യുന്നു, ശ്രീമത് അനുസരിച്ച് നടക്കുന്നില്ല. അങ്ങനെ പോക – പോകെ അത് ശീലമാകുന്നു. നിങ്ങളും ചോദിക്കൂ – ശിവബാബാ ഞങ്ങൾ അങ്ങയുടെ ശ്രീമതത്തിലൂടെ നടക്കുന്നുണ്ടോ? ബാബയും പറയും നിങ്ങൾ നടക്കുന്നില്ലായെങ്കിൽ നിങ്ങളുടെ ഭാഗ്യം അങ്ങനെ കാണപ്പെടും. മനസിലാക്കുന്നു ഇപ്പോൾ ദശ മോശമാണ്, മുന്നോട്ട് പോകുമ്പോൾ രഹസ്യം വെളിപ്പെടും. ചിലർ കാമവികാരത്തിന്റെ ചെറിയ ലഹരിയിൽ പോലും വീണു പോകുന്നു. ഭാരതം പാവനമായിരുന്നു, ശ്രേഷ്ഠാചാരിയായിരുന്നു, അത് ഇപ്പോൾ ഭ്രഷ്ഠാചാരിയായി. ആ ശ്രേഷ്ഠ ദേവതമാർക്ക് മഹിമയും ഉണ്ടല്ലോ. ബാബ പറയുന്നു ഇത് ആസുരീയ സമ്പ്രദായമാണ്, ബാബ ദൈവീക സമ്പ്രദായം സ്ഥാപിക്കുവാൻ വരുന്നു. ഈ ദേവീ–ദേവതാ ധർമ്മം ഉയർന്നതിലും ഉയർന്നതാണ്. ബാബ പതീത–പാവനനാകുന്നു. പക്ഷേ മനുഷ്യർ ഒന്നും മനസിലാക്കുന്നില്ല. ആരെല്ലാം ധർമ്മം സ്ഥാപിക്കുവാൻ വരുന്നുവോ അവരെല്ലാം തീർച്ചയായും പവിത്രമാകുന്നു. ഓരോ കാര്യത്തിലും നല്ലതും, ചീത്തയും ഉണ്ട്. കുറഞ്ഞ ഭാഗ്യമുള്ളവരും, ഉയർന്ന ഭാഗ്യമുള്ളവരും ഉണ്ട്. ഇപ്പോൾ ഈ രാവണ രാജ്യം അവസാനിക്കണം. ഈ രാവണ നഗരിക്ക് തീ പിടിക്കും. നിങ്ങൾ രാമസേന ഇരിക്കുകയാണ്. ആരാണോ ഈ ധർമ്മത്തിൽ ഉള്ളത് അവർ മനസിലാക്കും. മനസിലാക്കുന്നതും നമ്പർവാറാണ്. ചിലർക്ക് ഒരേയൊരു അമ്പ് ജനകനെ പോലെ ഏൽക്കുന്നതിലൂടെ സറണ്ടറാകും. അവർ യാതൊരു ഒഴിവ് കഴിവും പറയില്ല. ഒഴിവ് കഴിവ് ഇവിടെ നടക്കില്ല. പക്ഷേ മായയുടെ കൊടുംകാററും വളരെ വരും. നമ്മൾ ഈശ്വരീയ സന്താനമാണെന്നുള്ളതുപോലും മറപ്പിക്കും. അപ്പോൾ കുട്ടികൾക്ക് വളരെ മധുരമുള്ളവരാകണം. കാമ വികാരത്തിന്റെ അല്പം പോലും ലഹരി വരരുത്. കാമ വികാരം വലിയ മഹാ ശത്രുവാണ്. ഇത് ഏററവും ഉയർന്ന പരീക്ഷയാണ്. ബാബ പറയുന്നു – കുട്ടികളേ, ഒരിമിച്ചിരുന്നും പവിത്രമായി കാണിക്കൂ. ബാബ കുട്ടികളുടെ അവസ്ഥ അറിയുന്നുണ്ട്. നിശ്ചയ ബുദ്ധി കുട്ടികൾ ബാബയെ തന്റെ വാർത്ത കേൾപ്പിക്കും അതായത് ബാബ ഞാൻ താങ്കളെ ഓർമ്മിക്കുന്നു, ഈ സേവ ചെയ്യുന്നു. സേവനത്തിന്റെ വാർത്ത എഴുതൂ, അപ്പോൾ വിശ്വാസം വരും. സേവനത്തിന്റെ തെളിവ് കാണിക്കൂ അപ്പോൾ ബാബ മനസിലാക്കും ഇവരിൽ നല്ല പ്രതീക്ഷയുണ്ട് , ഇതും മനസിലാക്കണം അതായത് ബാബ ഏകനാണ് നമ്മൾ കുട്ടികൾ വളരെ കൂടുതലാണ്. ബാബ ദിവസവും റെസ്പോൺസ് തരും എന്നല്ല. അല്ല, ബാബ പാവപ്പെട്ടവരുടെ നാഥനാണ്. ഈ ഭാരതം അവിനാശി ഖണ്ഡമാണ്, ഇവിടെ ഭഗവാൻ അവതരിക്കുന്നു. ഭാരതം സ്വർണ്ണ പക്ഷിയായിരുന്നു, അർത്ഥം സർവ്വ സുഖങ്ങളുടേയും ഭണ്ഡാരമായിരുന്നു. ആ സുഖധാമിലേയ്ക്ക് പോകുന്നതിനു വേണ്ടി നമ്മൾ എല്ലാവരും പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1) യാതൊരു ഒഴിവുകഴിവും പറയാതെ ബാബയുടെ ശ്രീമതിലൂടെ നടക്കണം. സേവനത്തിന്റെ തെളിവ് നൽകണം.

2) നമ്മൾ ഈശ്വരീയ സന്താനങ്ങളാണ്, നമ്മുടേത് ഉയർന്നതിലും ഉയർന്ന കുലമാണ്, ഇത് മറക്കരുത്. നിശ്ചയബുദ്ധിയുള്ളവരാകണം, ആക്കണം.

## വരദാനം:- ശ്രേഷ്ഠ സ്വമാനത്തിന്റെ ഇരിപ്പിടത്തിലിരുന്ന് സർവ്വർക്കും ബഹുമാനം നൽകുന്ന മാനനീയനായി ഭവിക്കൂ

സദാ തന്റെ ശ്രേഷ്ഠ സ്വമാനത്തിൽ സ്ഥിതി ചെയ്ത്, വിനയചിത്തരായി സർവ്വർക്കും ബഹുമാനം നൽകിക്കൊണ്ടേ പോകൂ എങ്കിൽ ഈ നൽകൽ തന്നെ നേടലായി മാറും. ബഹുമാനം നൽകുക അർത്ഥം ആ ആത്മാവിനെ ഉണർവ്വിലേക്കും ഉത്സാഹത്തിലേക്കും കൊണ്ട് വന്ന് മുന്നോട്ട് നയിക്കുക. സദാ സ്വമാനത്തിൽ കഴിയുന്നതിലൂടെ സർവ്വ പ്രാപ്തികളും സ്വതവേ ഉണ്ടാകും. സ്വമാനം കാരണം വിശ്വം ബഹുമാനം നൽകും, സർവ്വരിലൂടെയും ശ്രേഷ്ഠ മാനം ലഭിക്കുന്നതിന് പാത്രം, മാനനീയനായി തീരും.

## സ്ലോഗൻ:- ആരാണോ സർവ്വർക്കും റിഗാർഡ് (ആദരവ്) നൽകുന്നത് അവരുടെ റെക്കോർഡ് സദാ ശരിയാകുന്നു.